ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 51 രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ട്.

(ബി)

തിരുവനന്തപുരം സിറ്റി	-	1
കൊല്ലം	-	3
ആലപ്പുഴ	-	2
തൃശ്ശൂർ	-	13
പാലക്കാട്	-	4
കണ്ണൂർ	-	28

(സി) രാഷ്ട്രീയ കൊലപാതകങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത 49 കേസ്സുകളിൽ 47 എണ്ണത്തിൽ കുറ്റവാളികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ഡി) ഒറ്റ കേസ്സിലും പുനരന്വേഷണം നടത്തിയിട്ടില്ല.

(ഇ) ബാധകമല്ല.

സംസ്ഥാനത്ത് നടന്ന രാഷ്ട്രീയ കൊലപാതകങ്ങൾ

28 (307) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഏതെല്ലാം രാഷ്ട്രീയപാർട്ടികൾ തമ്മിലുള്ള സംഘട്ടനങ്ങളുടെ ഫലമായിട്ടാണ് ഇത്തരം കൊലപാതകങ്ങൾ നടന്നത്;

(സി) ഇത് സംബന്ധിച്ച എത്ര കേസ്സുകളിൽ ഇനിയും എത്ര പ്രതികളെ അറസ്റ്റ് ചെയ്യുവാനുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ കൊലപാതകങ്ങളിൽ ഇതുവരെ ഏതെല്ലാം രാഷ്ട്രീയ കക്ഷികളിൽപ്പെട്ട ആരെയൊക്കെ ശിക്ഷിച്ചിട്ടുണ്ട്; ഇതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 51 രാഷ്ട്രീയ കൊല പാതകങ്ങൾ നടന്നിട്ടുണ്ട്.

(ബി) CPI(M), BJP, RSS, Congress(I) എന്നീ രാഷ്ട്രീയ പാർട്ടികൾ തമ്മിലുള്ള സംഘട്ടനങ്ങളുടെ ഫലമായിട്ടാണ് ഇത്തരം കൊലപാതകങ്ങൾ നടന്നത്.

(സി) ഇത് സംബന്ധിച്ച് രജിസ്റ്റർ ചെയ്ത 49 കേസുകളിലായി 17 പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യുവാനുണ്ട്.

(ഡി) ആരെയും ശിക്ഷിച്ചിട്ടില്ല. മേൽപ്പറഞ്ഞ കൊലപാതകങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകൾ വിചാരണയിലും അന്വേഷണാവസ്ഥയിലുമാണ്.

LIBRARY ARCHIVES Kerala Legislative Assembly